**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1705** **16-10-2026-ൽ മറുപടിയ്ക്ക്**

**ഇരുചക്ര വാഹനങ്ങൾക്ക് ഹെൽമെറ്റ് നിർബന്ധമാക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ റോഡപകട മരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാത്തരം ഇരുചക്ര വാഹന യാത്രികർക്കും ഹെൽമറ്റ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** മോട്ടോർ വാഹന നിയമം, 1988-ലെ സെക്ഷൻ 129 പ്രകാരം ഇരുചക്രവാഹനം ഓടിക്കുന്നവരും അതിൽ പിന്നിലിരുന്ന് യാത്ര ചെയ്യുന്നവരും ഹെൽമെറ്റ് ധരിക്കേണ്ടത് നിർബന്ധമാണ്. ഈ വ്യവസ്ഥ ലംഘിക്കുന്നവർക്കെതിരെ നിയമത്തിലെ സെക്ഷൻ 194C, 194D എന്നിവ പ്രകാരം കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** ഹെൽമറ്റ് നിർബന്ധമല്ലാത്ത ഇരുചക്രവാഹനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** രജിസ്ട്രേഷൻ നിർബന്ധമായിട്ടുള്ള ഒരു ഇരു ചക്ര വാഹനത്തെയും മേൽ നിബന്ധനകളിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 2(u) പ്രകാരം നിർവചിച്ചിട്ടുള്ള, പരമാവധി വേഗത മണിക്കൂറിൽ 25 കിലോമീറ്ററിൽ കവിയാത്തതും മോട്ടോർ പവർ 0.25 കിലോവാട്ടിൽ കവിയാത്തതുമായ നിശ്ചിത വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ മോട്ടോർ വാഹനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടാത്തതിനാൽ, അവയ്ക്ക് മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകില്ല. അതിനാൽ, പ്രസ്തുത വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ ഓടിക്കുന്നതിന് ഹെൽമെറ്റ് ആവശ്യമില്ല.

**(സി)** ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്യുമ്പോൾ കുറഞ്ഞത് രണ്ട് ഹെൽമെറ്റുകളെങ്കിലും സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** കേന്ദ്ര മോട്ടോർ വാഹന ചട്ടം 138(4) (f) പ്രകാരം, ഇരുചക്രവാഹനം വിൽക്കുമ്പോൾ നിർമ്മാതാവ് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ആക്ട്, 1986 (Act 63 of 1986) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ഒരു ഹെൽമെറ്റ് ഉപഭോക്താവിന് നൽകേണ്ടതാണ്.പ്രസ്തുത വ്യവസ്ഥ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, അതിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്.

**സെക്ഷൻ ഓഫീസർ**